"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - കോഴിക്കോട് ജില്ലയിലെ പുണ്യഭവൻ, മലപ്പുറം ജില്ലയിലെ പ്രതീക്ഷാഭവൻ എന്നീ സ്ഥാപനങ്ങളിലെ താമസക്കാർക്കുവേണ്ടി Institute for Mental Health & Neuroscience-(IMHANS)-ൽ നിന്നുള്ള സാങ്കേതികപിന്തുണ ലഭിക്കുന്നതിനുള്ള പദ്ധതിക്ക് തുക ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.23/2026/SJD തീയതി,തിരുവനന്തപുരം, 21-01-2026

---

പരാമർശം:-

1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 17.03.2025-ലെ എസ്.ജെ. ഡി./1235/2025-ഡി.2 നമ്പർ കത്തും, 28.11.2025 തീയതിയിലെ എസ്.ജെ.ഡി/1073/2023-ഡി.2 നമ്പർ കത്തും
2. 22.04.2025-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്
3. 26.05.2025-ലെ സ. ഉ. (സാധാ) നമ്പർ. 122/2025/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
4. 16.12.2025-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിന് കീഴിൽ ബൗദ്ധികവെല്ലുവിളി നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിനായി കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന പുണ്യഭവൻ, ബാദ്ധികവെല്ലുവിളി നേരിടുന്ന പുരുഷന്മാരുടെ പുനരധിവാസത്തിനായി പ്രവർത്തിക്കുന്ന മലപ്പുറം ജില്ലയിലെ പ്രതീക്ഷാഭവൻ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പരിശീലനംനൽകുക, താമസക്കാരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വവും ഏകോപനവും നൽകുക, താമസക്കാരുടെ തൊഴിൽനൈപുണ്യ വികസനപരിപാടികൾ നടപ്പിലാക്കുക, സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക ആവശ്യമായ സാങ്കേതിക വിദഗ്ധരുടെ സേവനം ലഭ്യമാക്കുക തുടങ്ങിയ വിവിധങ്ങളായ പ്രവർ ത്തനങ്ങൾ Institute for Mental Health & Neuroscience-(IMHANS) സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം നടപ്പിലാക്കുന്നതിനായി 2025-2026 സാമ്പത്തികവർഷത്തെ 2235-02-101-73-പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 11,00,00,000/- രൂപയിൽനിന്ന് 56,20,800/- രൂപ വിനിയോഗിക്കുന്നതിന് പരാമർശം 3-പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധരുടെ നിയമന നടപടികൾ 2025 നവംബർ മാസത്തിലാണ് IMHANS-ൽ നിന്നും ആരംഭിച്ചിട്ടുള്ളത്. അതിനാൽ 2025 ഏപ്രിൽ മാസം മുതൽ 2025 ഒക്ടോബർ മാസം വരെയുള്ള 7 മാസകാലയളവിലെ വേതന ഇനത്തിൽ തുക ആവശ്യമായി വരുന്നില്ല, ഈ സാഹചര്യത്തിൽ പരാമർശം 3-പ്രകാരം ഭരണാനുമതി ലഭ്യമായ 56,20,800/- രൂപയുടെ 40% തുകയായ 22,48,320/- രൂപയുടെ ചെലവാണ് 2025 നവംബർ മാസം മുതൽ 2026 മാർച്ച് മാസം 31 വരെയുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് പ്രതീക്ഷിക്കുന്നതെന്നും, ബാക്കി 60% തുക (33,72,480/- രൂപ) സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയിഡ് പദ്ധതിക്കായി വിനിയോഗിക്കാവുന്നതാണെന്നും അപ്രകാരം പരാമർശം 3- ഉത്തരവ് ഭേദഗതി വരുത്തണമെന്നും അഭ്യർത്ഥിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം 1-പ്രകാരം (28.11.2025-ൽ) പുതുക്കിയ പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3. പരാമർശം 4-പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഈ വിഷയം പരിഗണിക്കുകയും പുതുക്കിയ ഭരണാനുമതി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർ ഷം 2235-02-101-73-പ്ലാൻ ശീർഷകത്തിൽ "എൻ.ജി.ഒ.-കൾ എൽ.എസ്.ജി-കൾ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ഭിന്നശേഷിക്കാർക്കായി സമഗ്ര പദ്ധതികൾ" എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 11,00,00,000/- രൂപയിൽ നിന്നും, ബൗദ്ധികവെല്ലുവിളി നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിനായി കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന പുണ്യഭവൻ, ബൗദ്ധികവെല്ലുവിളി നേരിടുന്ന പുരുഷന്മാരുടെ പുനരധിവാസത്തിനായി പ്രവർത്തിക്കുന്ന മലപ്പുറം ജില്ലയിലെ പ്രതീക്ഷാഭവൻ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകുക, താമസക്കാരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വവും ഏകോപനവും നൽകുക, താമസക്കാരുടെ തൊഴിൽനൈപുണ്യ വികസനപരിപാടികൾ നടപ്പിലാക്കുക, സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക ആവശ്യമായ സാങ്കേതിക വിദഗ്ധരുടെ സേവനം ലഭ്യമാക്കുക തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ Institute for Mental Health & Neuroscience-(IMHANS)-ന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിനായി പരാമർശം 3-പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് നൽകിയ 56,20,800/- രൂപയുടെ ഭരണാനുമതി ഉത്തരവ് പുതുക്കി 22,48,320/- രൂപയുടെ (ഇരുപത്തിരണ്ട് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി മുന്നൂറ്റി ഇരുപത് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ ), കേരളം,
തിരുവനന്തപുരം

ധനകാര്യം (വെൽഫെയർ വിംഗ് ) വകുപ്പ്

ചീഫ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (സോഷ്യൽ സർവീസസ് ഡിവിഷൻ ),

പട്ടം, തിരുവനന്തപുരം

സാമൂഹ്യനീതി (ബി) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് ആൻഡ് ന്യൂ മീഡിയ ഡിവിഷൻ,

വിവര- പൊതുജനസമ്പർക്കവകുപ്പ്

(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 22-01-2026 10:43:46

സെക്ഷൻ ഓഫീസർ